(8) ന്യൂ ഡൽഹിയിലെ കേരള ഹൗസിൽ നിന്ന് അമൂല്യ വസ്തുക്കൾ നഷ്ടപ്പെട്ട സംഭവം

ശ്രീ. തോപ്പിൽ രവി : സർ, ന്യൂ ഡൽഹിയിലെ കേരളാ ഹൗസ് നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനവും നമ്മുടെ പ്രൗഢിയും വിളംബരപ്പെടുത്തുന്ന ഒരു സ്മാരകമാണ്. അവിടെയുള്ള പഴയ ബ്ലോക്കിൽ ഈയിടെ ചില നവീകരണങ്ങൾ നടന്നു. ഇപ്പോൾ അവിടെയുണ്ടായിരുന്ന അപൂർവ്വ സുന്ദരങ്ങളായ പല വസ്തുക്കളും നഷ്ടപ്പെട്ടതായി റിപ്പോർട്ട് ഉണ്ടായിട്ടുണ്ട്. അവിടെയുണ്ടായിരുന്ന തേക്ക് ഫർണ്ണിച്ചറുകൾ, ഇറാലിയൻ മാർബിൾ പാളികൾ, ഈജിപ്ഷ്യൻ വ്യാളൻ പരവതാനി, ശരറാന്തലുകൾ, ഓരുശിൽപ്പങ്ങൾ ആനക്കൊമ്പുകൾ, കരകൗശലവസ്തുക്കൾ ഇവയെല്ലാം നഷ്ടപ്പെട്ടിട്ടുള്ളതായാണ് റിപ്പോർട്ട്. അതുപോലെതന്നെ പഴയ കെട്ടിടത്തിന്റെ പൂമുഖത്തുണ്ടായിരുന്ന വളരെ മനോഹരമായ ശിൽപകാലാവേലകളൊക്കെ ഇടിച്ചു നിരത്തി അവിടെയൊക്കെ സിമൻറു പൂശിയിരിക്കുന്നതായാണ് എനിക്കു ലഭിച്ച വിവരം. ഇതു വളരെ ഖേദകരമായ കാര്യമാണ്. ഇതു സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ) : കേരളാ ഹൗസിലെ ഓൾഡ് ബ്ലോക്ക് നവീകരിക്കുന്നതിനും സൗകര്യങ്ങൾ കൂടുതലുണ്ടാക്കുന്നതിനുംവേണ്ടി ചില തീരുമാനങ്ങളെടുത്ത് എട്ടുലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനം നടത്തി. ആ സമയത്ത് തന്നെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ പഴയ കരകൗശലവസ്തുക്കൾ തുടങ്ങിയവ ലിസ്റ്റ് ചെയ്ത് സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള നിബന്ധനകളുണ്ടായിരുന്നു. എന്നാൽ ഇതിന്റെ വർക്ക് കഴിഞ്ഞതിനുശേഷം കൺട്രോളർ ഇൻ ചാർജ്, കേരളാ ഹൗസ്, 12-4-1984-ന് ഒരു റിപ്പോർട്ടു ഗവൺമെൻറിന് തന്നു. അതിൽ റിനൊവേഷൻ വർക്ക് കംപ്ലീറ്റ് ചെയ്തിട്ടുണ്ടെന്നും, ഇൻസ്പെക്ഷനിൽ ഈ പറഞ്ഞ സാധനങ്ങൾ ഒന്നും അവിടെ കാണാനില്ലെന്നും, അതൊന്നും അവിടെ വച്ചിട്ടില്ലെന്നും പറഞ്ഞിട്ടുണ്ട്. ഏതായാലും അതേക്കുറിച്ച് അന്വേഷണം നടത്തുന്നതിനു നടപടിയെടുത്തുവരികയാണ്. അവിടത്തെ റെപ്രസെൻറേറ്റീവ് ഒരു റിപ്പോർട്ട് അയച്ചിട്ടുണ്ട്. ഡയറക്ടർ ഓഫ് ടൂറിസം വിജിലൻസ് ഡിപ്പാർട്ടുമെൻറുവഴി അന്വേഷണം നടത്തി, ഇതിൽ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടിരിക്കുകയാണ്. അതേക്കുറിച്ച് മുഖ്യമന്ത്രി പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമായ നടപടി എടുക്കുന്നതാണ്.

(9) ഈറ ലഭിക്കാത്തതുമൂലം പനമ്പു നെയ്ത്തു തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. എം. വി. മാണി : സർ, കേരളത്തിലെ ഏതാണ്ട് മൂന്നുലക്ഷത്തോളം വരുന്ന പനമ്പുനെയ്ത്തു തൊഴിലാളികളുടെ ബുദ്ധിമുട്ടുകളെ ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ കൊണ്ടുവരുന്നത്. പരമ്പരാഗത വ്യവസായമായി പ്രഖ്യാപിച്ചിട്ടുള്ള ഈറ പനമ്പു വ്യവസായത്തിന് ഇന്ന് അതിന്റെ റോമെറ്റീരിയലായ ഈറ കിട്ടാൻ ബുദ്ധിമുട്ടായതുകൊണ്ട് ആ തൊഴിലാളികൾ ഇന്നു പട്ടിണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കാടുകൾ നശിക്കുകയും വനസമ്പത്ത് നഷ്ടപ്പെടുകയും ചെയ്തതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly